# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4939 22.05.2017 – ൽ മറുപടിക്ക്

### തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകളുടെ വിശദമായ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി ഡി. എം. ആർ. സി. തയ്യാറാക്കിയ വിശദ പദ്ധതിരേഖ സർക്കാർ അംഗീകരിച്ച് 11.09.2015 - ലെ ജി. ഒ (എം. എസ്) 74/2015/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് www.krtl.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫിനാൻസിംഗ് രീതിയെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി മെട്രോ മാതൃകയിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി. പി. ആർ - ൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ / വിദേശ വായ്പകൾ വഴി |

സ്വരൂപിക്കാനാണ് ഡി. പി. ആർ നിർദ്ദേശിക്കുന്നത്. ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം ഫിനാൻസിംഗ് രീതിയെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ ?

(സി) കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പദ്ധതിക്കുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**